# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 223 14.12.2015 -ൽ മറുപടിക്ക്

## സ്വകാര്യ മെഡിക്കൽ ലാബുകളിലെ പരിശോധനയ്ക്ക് അമിത ചാർജ്ജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. രാജേഷ് :<br>,, പി. കെ. ഗുരുദാസൻ :<br>,, കെ. വി. അബ്ദുൾ ഖാദർ :<br>,, കെ. ദാസൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ മെഡിക്കൽ ലാബുകളിൽ മിക്കവയിലും യോഗ്യതയുള്ള ജീവനക്കാരില്ലാത്തതായും അമിതമായ ചാർജ്ജ് ഈടാക്കുന്നതായുമുള്ള പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ ; | (എ) സ്വകാര്യ മെഡിക്കൽ ലാബുകൾക്കെതിരെ ലഭ്യമായ പരാതികൾ തുടർനടപടികൾക്കും റിപ്പോർട്ടിനുമായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |
| (ബി) സ്വകാര്യ ആശുപത്രികളുടെയും, ക്ലിനിക്കുകളുടെയും, ലാബുകളുടെയും പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ ; ഇവയുടെ നിലവാരം ഉറപ്പാക്കുന്നതിനും അമിത ഫീസ് നിരക്ക് നിയന്ത്രിക്കാനും കേന്ദ്ര നിയമത്തിന്റെ മാതൃകയിൽ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ; നിലവിൽ ഇത്തരം സ്ഥാപനങ്ങളുടെ മേൽ എന്തെങ്കിലും നിയന്ത്രണം ഉണ്ടോ ; വിശദമാക്കാമോ ; | (ബി) സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം ആരോഗ്യവകുപ്പ് പരിശോധിക്കുന്നില്ല. എന്നാൽ ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്ന സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികൾ, ജനറ്റിക് ക്ലിനിക്കുകൾ തുടങ്ങിയവ എല്ലാ ജില്ലകളിലും ഒരേ ദിവസം പരിശോധിച്ച് ഗുണനിലവാരം, ശുചിത്വം, ഉദ്യോഗസ്ഥരുടെ യോഗ്യത തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമെങ്കിൽ നിയമ നടപടി സ്വീകരിച്ചു വരുന്നുണ്ട്. സ്വകാര്യ ലാബുകൾ, ക്ലിനിക്കുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം തുടങ്ങിയവയ്ക്കായി കേന്ദ്രനിയമത്തിന്റെ മാതൃകയിലുള്ള 'കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ' സർക്കാരിന്റെ സജീവ പരിഗണനയിൽ ഉണ്ട്. നിലവിൽ സ്വകാര്യ ആശുപത്രികളുടെ മേൽ ആരോഗ്യവകുപ്പിന് നിയന്ത്രണമില്ല. എന്നാൽ അൾട്രാസൗണ്ട് പരിശോധന നടത്തുന്ന ലാബുകൾക്ക് പി.എൻ.ഡി.റ്റി. ആക്ട് പ്രകാരം |

(.....2)

ജില്ലാ മെഡിക്കൽ ഓഫീസറുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാണ്. കൂടാതെ സേഫ് കേരളയുടെ ഭാഗമായി നടത്തുന്ന പരിശോധനയിൽ തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം - 1955 (സെക്ഷൻ 42, 63), മദ്രാസ് പൊതുജനാരോഗ്യ നിയമം - 1939 (സെക്ഷൻ 44, 65) എന്നിവ ഉപയോഗിച്ച് ആരോഗ്യവകുപ്പ് വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ കേരള പഞ്ചായത്ത്രാജ് ആക്ട്, മുനിസിപ്പാലിറ്റി ചട്ടങ്ങൾ എന്നിവ ഉപയോഗിച്ചും നടപടി എടുക്കാവുന്നതാണ്.

(സി) നിയമനിർമ്മാണത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കാനുദ്ദേശിച്ചുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ നിയമമാകുന്നതിന്റെ അവസാന ഘട്ടത്തിലാണ്. പതിമൂന്നാം കേരള നിയമസഭയുടെ 230 -ാം നമ്പർ ബില്ലായി പ്രസിദ്ധീകരിക്കുകയും എം.എൽ.എ -മാർക്ക് സർക്കുലേറ്റ് ചെയ്തിരിക്കുകയും ആണ്.

സെക്ഷൻ ഓഫീസർ